(ബി) കിള്ളിക്കുറിശ്ശിമംഗലം കുഞ്ചൻ നമ്പ്യാർ സ്മാരക നാട്യശാലയ്ക്കായി 39.77 ലക്ഷം രൂപയ്ക്കും അനങ്ങൻമല ഇക്കോടൂറിസം പദ്ധതിക്കായി 60 ലക്ഷം രൂപയും അനുവദിച്ചു.

(സി&ഡി) കിള്ളിക്കുറിശ്ശി മംഗലം കുഞ്ചൻ നമ്പ്യാർ സ്മാരക നാട്യശാല പദ്ധതി പൂർത്തീകരിക്കുകയും 31-1-2011-ൽ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. അനങ്ങൻമല ഇക്കോടൂറിസം പദ്ധതിയിൽ റീട്ടെയിനിംഗ്വാൾ, സ്മാൾ ബ്രിഡ്ജ് കണക്ടിംഗ് സ്ട്രീം, ബ്യൂട്ടിഫിക്കേഷൻ വർക്ക്, പാർക്കിംഗ് ഏരിയ ഡെവലപ്മെന്റ് എന്നിവയുടെ പണി പൂർത്തിയായിട്ടുണ്ട്. അമിനിറ്റി സെന്റർ നിർമ്മാണം, പേ ആന്റ് യൂസ് ടോയ്ലെറ്റ്, എൻട്രൻസ് ഗെയ്റ്റ് നിർമ്മാണം എന്നിവയുടെ പണി പുരോഗമിക്കുന്നു.

(ഇ) കുഞ്ചനമ്പ്യാർ സ്മാരക നാട്യശാലയുടെ പദ്ധതി പൂർത്തിയായി. 31-1-2011-ൽ ഉദ്ഘാടനം നിർവ്വഹിച്ചു. അനങ്ങൻമല പദ്ധതിയിൽ താഴെപ്പറയുന്ന വർക്കുകൾ ഇനിയും പൂർത്തിയാകാനുണ്ട്:

1. മെയിന്റനൻസ് ഓഫ് എക്സിസ്റ്റിംഗ് ഫുട്ട് പാത്ത്
2. സിറ്റിംഗ് അറേഞ്ച്മെന്റ്സ്
3. ചെക്ക്ഡാംസ്
4. ബാത്തിംഗ് ഗാട്ട്സ്
5. സൈനേജ് ബോർഡ്സ് ആന്റ് വേസ്റ്റ്ബിൻസ്
6. ക്യാമ്പിംഗ് ടെന്റ്സ്
7. കാസ്റ്റ് അയൺ ലാമ്പ്സ്
8. ലാന്റ് സ്കേപ്പിംഗ്ആന്റ് പ്ലാന്റിംഗ്
9. സോളാർ ലൈറ്റ്സ്

പ്രസ്തുത പദ്ധതികൾ എത്രയും വേഗം പൂർത്തീകരിക്കാനായി ബന്ധപ്പെട്ട ഡി.എഫ്.ഒ-യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

അനങ്ങൻമല ഇക്കോടൂറിസം പദ്ധതി

108(316) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം അനങ്ങൻമല ഇക്കോടൂറിസം പദ്ധതിക്കായി എത്ര രൂപയുടെ ഭരണാനുമതിയാണ് സർക്കാർ നല്കിയത് ; എന്നാണ് നല്കിയത് ;

(ബി) നാളിതുവരെ പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി ; വിശദാംശം ലഭ്യമാക്കുമോ ;

(സി) മേൽപ്പറഞ്ഞ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി എത്ര തുക ചെലവഴിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത തുക പര്യാപ്തമായിരുന്നുവോ ; ഇല്ലെങ്കിൽ ബാക്കി തുക ലഭ്യമാക്കുവാനായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചത് ;

(ഇ) പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തീകരിക്കാൻ എന്തെല്ലാം കർമ്മപദ്ധതികൾ ആണ് ആവിഷ്ക്കരിച്ചു നടപ്പിലാക്കിയത് എന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) ഒറ്റപ്പാലം അനങ്ങൻമല ഇക്കോടൂറിസം പദ്ധതിക്കായി 60 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് സർക്കാർ നൽകിയത്. 30-10-09 (ജി.ഒ. (ആർ ടി) നമ്പർ 7648/09/ടൂറിസാ-നാണ് നൽകിയത്.

(ബി) ഈ പദ്ധതിയിൽ ഇതുവരെ നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

1. അമിനിറ്റി സെന്റർ നിർമ്മാണം -ബേസിക് സ്ട്രക്ചർ പൂർത്തീയായിട്ടുണ്ട് ഫ്ലോറിംഗ് വർക്ക് നടക്കുന്നു.

2. പേ ആന്റ് യൂസ് ടോയ്ലെറ്റ് -ബേസിക് സ്ട്രക്ചർ പൂർത്തിയായി. പ്ലംബിംഗ് ജോലികൾ നടക്കുന്നു.

3. റിട്ടെയിനിംഗ് വാൾ-ഭിത്തി നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

4. സ്മാൾ ബ്രിഡ്ജ് കണക്ടിംഗ് ദ സ്ട്രീം-ബ്രിഡ്ജ് നിർമ്മിച്ച് സ്ഥലത്ത് സ്ഥാപിച്ചു.

5. ബ്യൂട്ടിഫിക്കേഷൻ വർക്ക് -സ്റ്റെപ്പ് വർക്ക് പൂർത്തിയായി. ഹാൻഡ് റെയിൽ സ്ഥാപിച്ചു.

6. എൻട്രൻസ് ഗെയിറ്റ് നിർമ്മാണം തുടങ്ങിയിട്ടുണ്ട്.

7. പാർക്കിംഗ് ഏരിയ ഡെവലപ്മെന്റ് നിർമ്മാണം പൂർത്തിയായി.

(സി) മേൽപ്പറഞ്ഞ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഇതുവരെ 38 ലക്ഷം രൂപ (മുപ്പത്തി എട്ടു ലക്ഷം രൂപ മാത്രം) ചെലവഴിച്ചു.

(ഡി) പദ്ധതി പൂർത്തീകരിക്കുന്നതിന് അനുവദിച്ചിട്ടുള്ള തുക പര്യാപ്തമല്ല. ബാക്കി തുക ലഭ്യമാക്കുന്നതിനായി നവീകരിച്ച എസ്റ്റിമേറ്റ് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഇക്കോ ഡെവലപ്മെന്റ് ആന്റ് ട്രൈബൽ വെൽഫെയർ)-ക്ക് സമർപ്പിച്ചിട്ടുണ്ട്.

(ഇ) പദ്ധതിയുടെ പുരോഗതി വിലയിരുത്തി നിർമ്മാണപ്രവർത്തനങ്ങൾ ചെയ്യുന്നതിന് നിർമ്മിതി കേന്ദ്രയ്ക്ക് വർക്ക് അഡ്വാൻസ് നൽകിയിട്ടുണ്ട്. കരാർ ജോലികൾക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly